## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ആരോഗ്യ നയം

1 (719) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ആരോഗ്യനയം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ആരോഗ്യനയം രൂപപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ &ബി) ആരോഗ്യനയം രൂപപ്പെടുത്തുന്നതിന് ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ച് പ്രാഥമിക നടപടികൾ നടന്നുവരുന്നു.

### ദേശീയ ഗ്രാമീണാരോഗ്യ ദൗത്യം നടപ്പിലാക്കുവാൻ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന് സമർപ്പിച്ച പദ്ധതികൾ

2 (720) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13 എന്നീ സാമ്പത്തിക വർഷങ്ങളിൽ ദേശീയ ഗ്രാമീണാരോഗ്യ ദൗത്യം മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുവാനായി കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയത്തിന് എന്തെല്ലാം പദ്ധതികളാണു സമർപ്പിച്ചതെന്നും ഓരോ പദ്ധതിയുടെയും എസ്റ്റിമേറ്റ് തുക എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) അതു പ്രകാരം ഏതെല്ലാം പദ്ധതികൾക്ക് എത്ര തുകയുടെ അംഗീകാരം ലഭിച്ചുവെന്നു വ്യക്തമാക്കുമോ ;

(സി) അംഗീകാരം ലഭിച്ച പദ്ധതികളുടെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ ;

(ഡി) ഇങ്ങനെ അംഗീകാരം ലഭിച്ച പദ്ധതികളിൽ ഗ്രാമീണ ആരോഗ്യ കേന്ദ്രങ്ങളുടെ പശ്ചാത്തല വികസനത്തിനായുള്ള പദ്ധതികൾ ഉണ്ടോയെന്നും എങ്കിൽ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കണ്ണൂർ ജില്ലയിലെ ഗ്രാമീണാരോഗ്യ സ്ഥാപനങ്ങൾ ഏതെല്ലാമെന്നും ഓരോ സ്ഥാപനത്തിനും നീക്കിവച്ച തുക എത്രയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 2011-12, 2012-13 എന്നീ സാമ്പത്തിക വർഷങ്ങളിൽ എൻ.ആർ. എച്ച്.എം. മുഖേന നടപ്പിലാക്കാനായി കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയത്തിന് സമർപ്പിച്ച പദ്ധതികളും എസ്റ്റിമേറ്റ് തുകയും ഇതിൻപ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിച്ച പദ്ധതികളും അതിന് ഇതുവരെ ചെലവായ തുകയും അനുബന്ധം I-ആയി ചേർക്കുന്നു.*

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) കണ്ണൂർ ജില്ലയിലെ ഗ്രാമീണാരോഗ്യസ്ഥാപനങ്ങളിലെ അംഗീകാരം ലഭിച്ച വർക്കുകളും നീക്കിവച്ച തുകയും അനുബന്ധം 2-ആയി ചേർക്കുന്നു. *

### സമഗ്ര മാനസികാരോഗ്യ നയം

3 (721) ശ്രീ. പാലോട് രവി :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു സമഗ്ര മാനസികാരോഗ്യനയം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) മാനസിക രോഗം മറ്റു രോഗങ്ങൾ പോലെ പരിഗണിച്ച് മതിയായ ചികിത്സ നൽകുക, മാനസിക പ്രശ്നമനുഭവിക്കുന്നവർക്ക് ഏതൊക്കെ മേഖലയിൽ ചികിത്സ നൽകാം എന്നിവ നയത്തിൽ ഉൾപ്പെടുത്തുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

#### ഉത്തരം

(എ) ഉണ്ട്. 13-4-2000-ലെ സ.ഉ. (അ) 90/2000/ആ.കു.വ. പ്രകാരം കേരള സർക്കാർ ഒരു മാനസികാരോഗ്യ നയം ആവിഷ്ക്കരിച്ച് അംഗീകരിച്ചിട്ടുണ്ട്. ഇതിലെ വ്യവസ്ഥകൾ നടപ്പിലാക്കിവരുന്നു.

(ബി) ഉൾപ്പെടുത്തുന്നതാണ്.

(സി) നിലവിലുള്ള മാനസികാരോഗ്യ നയം 2000-ന് കാലോചിതമായ മാറ്റങ്ങൾ വരുത്തി പരിഷ്ക്കരിക്കുന്നതിന് ഒരു ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി കാര്യങ്ങൾ പരിഗണിച്ചുവരുന്നു.

### മരുന്ന് ക്ഷാമം

4 (722) ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ മരുന്നുക്ഷാമം രൂക്ഷമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly